502

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015-16

## മലയാളം

സ്റ്റാൻന്റേർഡ് : V          കേരള പാഠാവലി          സമയം: 2 മണിക്കൂർ

**നിർദ്ദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1. വിവരണം**

> "മലയാളമെന്നത് കേവലമൊരു പദമോ അക്ഷരങ്ങളുടെ കൂട്ടമോ അല്ല. അമ്മയും മണ്ണുമാണ്. രണ്ടും നമുക്കോരോരുത്തർക്കും ഏറെ പ്രിയപ്പെട്ടതാണ് "

എ). 'മലയാളനാടേ ജയിച്ചാലും' എന്ന പാഠഭാഗത്തിന്റെ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്സിൽ ചർച്ച ചെയ്ത മലയാള നാടിന്റെയും ഭാഷയുടെയും സവിശേഷതകൾ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കുക.

ബി). 'അമ്മ' എന്ന പദത്തിന് പകരം പദം ബ്രാക്കറ്റിൽ നിന്ന് എടുത്ത് എഴുതുക
(ധരണി, ജനനി, തരുണി)

**പ്രവർത്തനം 2. പത്രവാർത്ത**

1948 ജൂൺ 17 ന് മലയാളികളെ കണ്ണീരിലാഴ്ത്തിക്കൊണ്ട് ചങ്ങമ്പുഴ കൃഷ്ണപിള്ള 37-ാം വയസ്സിൽ അന്തരിച്ചു. എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ 1911 ഒക്ടോബർ 10ന് ജനിച്ച അദ്ദേഹം നിരവധി കവിതകൾ മലയാള ഭാഷയ്ക്ക് സമ്മാനിച്ചു. ചങ്ങമ്പുഴയുടെ വേർപാട് പിറ്റേ ദിവസത്തെ പത്രത്തിൽ വാർത്തയായി എങ്ങനെയായിരിക്കും വന്നിട്ടുണ്ടാവുക?.
[മലയാളത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ ,കൃതികൾ, കവിതാശകലങ്ങൾ, ജീവിതത്തിലെ പ്രധാനസംഭവങ്ങൾ, മറ്റ് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തണം.]

പ്രവർത്തനം 3. കഥാപാത്ര നിരൂപണം

> 'അപ്പു കുതിരാലായത്തിൽ പോയി നോക്കി . ചുകന്ന ആ കുതിര അവിടെയില്ല. വണ്ടിയുമില്ല. കോയസ്സന്റെ മുറി തുറന്ന് നോക്കി. കോയസ്സനില്ല. കണ്ണാടിയില്ല. മീശവെട്ടുന്ന കത്തിയുമില്ല. അരിച്ചക്കര വെക്കാറുള്ള കുടുക്ക ഉടഞ്ഞ് താഴെക്കിടക്കുന്നു. അപ്പു തേങ്ങിക്കരഞ്ഞു. '

എ). അപ്പുവിന് കോയസ്സനോട് തോന്നിയ അടുപ്പം നിങ്ങൾക്കറിയാമല്ലോ?. അപ്പുവിന്റെ മനസ്സിലും വീട്ടിലും കോയസ്സന് ഒരു കുതിരക്കാരന്റെ സ്ഥാനം മാത്രമായിരുന്നില്ല. അപ്പുവിന്റെ സ്വഭാവ സവിശേഷതകൾ, കഥയിലുള്ള സ്ഥാനം, മറ്റ് പ്രത്യേകതകൾ എന്നിവ ഉൾപ്പെടുത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.

ബി). പദങ്ങൾ തിരിച്ചറിയാം

- 'അരിച്ചക്കര ' എന്ന പദം അരി,ചക്കര എന്നീ പദങ്ങൾ ചേർന്നതാണ്. എങ്കിൽ
- താമരപ്പൂക്കൾ ——
- പുഴയോരം ——

ഇവ ഏതൊക്കെ പദങ്ങൾ ചേർന്നതാണ?

പ്രവർത്തനം 4. സന്ദേശം

ആകാശ വിസ്മയങ്ങളിലേക്ക് യൂറി ഗഗാറിൻ നടത്തിയ യാത്രയുടെ അനുഭവങ്ങൾ നിങ്ങൾ മനസ്സിലാക്കിയല്ലോ. ബഹിരാകാശ രംഗത്ത് മനുഷ്യൻ കൈവരിച്ചു കൊണ്ടിരിക്കുന്ന നേട്ടങ്ങൾ നിരവധിയാണ്.

ചൊവ്വഗ്രഹത്തെക്കുറിച്ച് പഠിക്കാൻ മംഗൾയാൻ വിജയകരമായി വിക്ഷേപിച്ചതിനു പിന്നിൽ പ്രവർത്തിച്ച ഇന്ത്യൻ ശാസ്ത്രജ്ഞൻമാരെ അഭിനന്ദിച്ചുകൊണ്ടുള്ള സന്ദേശം തയ്യാറാക്കുക. [താഴെകൊടുത്ത സൂചനകളും പരിഗണിക്കാവുന്നതാണ്.]



പ്രവർത്തനം 5. കഥ

എ). അമ്മു പാലുകുടിച്ചുകൊണ്ടിരിക്കുമ്പോഴും അവളുടെ കണ്ണുകൾ എന്തോ തിരയുകയായിരുന്നു.അമ്മയുടെ കണ്ണ് വെട്ടിച്ച് വേണം ഇത് കുറിഞ്ഞിക്കുകൊടുക്കാൻ........ 'മ്യാവു........മ്യാവൂ'........കുറിഞ്ഞിയും അമ്മയും ഒരേ സമയത്തായിരുന്നു കടന്നു വന്നത്. 'എടീ.......നിന്റെയൊരു പൂച്ച ' അമ്മ ഒച്ചയിട്ടു.
കഥ ഭാവനാത്മകമായി പൂർത്തിയാക്കൂ......

ബി). ''സംഗതി അറിഞ്ഞപ്പോൾ പാത്തുമ്മയുടെ ആട് കുറ്റക്കാരിയല്ല''- എന്തായിരുന്നു ആട് ചെയ്ത കുറ്റം? (താഴെ കൊടുത്തവയിൽ നിന്ന് കണ്ടെത്തി എഴുതുക)

- 'ആടിന്റെ മേട്' രാവിലെ തുടങ്ങിയത്.
- അബിയുടെ ഹാഫ് ട്രൗസറിന്റെ മുൻവശം മുഴുവൻ തിന്നു തീർത്തത്.
- 'ബാല്യകാല സഖി' സാപ്പിടുന്നത്.
- പുതപ്പ് തിന്നാൻ തുടങ്ങിയത്.